**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** **09-02-2023 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ; | (ബി) | മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (സി) | തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; | (ഡി) | അവിട്ടം തിരുനാൾ ആശുപത്രിയിലെ രണ്ട് ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയിതി ചുവടെ ചേർക്കുന്നു.<br><br>**<u>തീയതി</u>**<br><br>15.12.2020<br><br>25.01.2021<br><br>28.06.2021<br><br>22.09.2021 |
| (ഇ) | ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. ലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. പി.എസ്.സി നിയമനം നടക്കുന്നത് വരെ DHS-ൽ നിന്നുമുള്ള ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ